പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1804 10.02.2020-ലെ മറുപടിക്ക്

## മാള കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ മൂന്നക്ഷര കോഡ്

ചോദ്യം

ഡോ.എം. കെ. മുനീർ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭരണസൗകര്യാർത്ഥം ഡിപ്പോകളുടെ കോഡ് മൂന്നക്ഷരമാക്കി കെ.എസ്.ആർ.ടി.സി. ചുരുക്കിയതുമൂലം മാള ഡിപ്പോയ്ക്ക് നിയമസഭാ സാമാജികർക്ക് മാത്രം അനുവദിച്ച് നൽകിയിട്ടുള്ള ലെറ്റർകോഡ് നൽകിയിരിക്കുന്നത് പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ തുടർന്നുള്ള നടപടി ഏത് വരെയായി; വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും | ഇക്കാര്യം പുനഃപരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 07.11.2019-ലെ TRANS-A2/406/2019-TRANS നമ്പർ കത്ത് പ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ കമ്പ്യൂട്ടർ സംവിധാനത്തിലാണ് ഡിപ്പോകളുടെ പേരുകൾ മൂന്നക്ഷരം കോഡിലാക്കി മാറ്റിയത്. അപ്രകാരം മാള ഡിപ്പോയുടെ കോഡായി MLA എന്ന് സൗകര്യാർത്ഥം എടുക്കുകയുണ്ടായി. ഈ കോഡ് മാറ്റണമെങ്കിൽ വർഷങ്ങളോളം ഉള്ള കമ്പ്യൂട്ടർ റിക്കാർഡുകളിൽ തിരുത്തൽ വരുത്തേണ്ടതുണ്ട്. ടി വിഷയം പരിശോധിക്കുന്നതാണെന്ന് കെ.എസ്.ആർ.ടി.സി. ഉറപ്പ് നൽകിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യിലല്ലാതെ മറ്റൊരു സർക്കാർ സ്ഥാപനത്തിലും ഇത്തരത്തിൽ സാമാജികരുടെ നാമത്തിന്റെ ചുരുക്കപ്പെദം സമാനമായി ഉപയോഗിക്കാത്തതിനാൽ പുനഃപരിശോധനയ്ക്ക് സർക്കാർ നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; എന്നാണ് ഇത് ലഭ്യമാക്കിയത്; വ്യക്തമാക്കുമോ; | | |
| (സി) | ഈ നിർദ്ദേശം ലഭ്യമായതിനുശേഷം എന്ന് മുതൽ നടപടികൾ പ്രാവർത്തികമാക്കിയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

**അടിയന്തിരം**

GOVERNMENT OF KERALA

നമ്പർ. ഗതാ-എ 2/406/2019-ഗതാ

ഗതാഗത (എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07.11.2019

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം

സർ,

വിഷയം:- ഗതാഗത വകുപ്പ് - കെ.എസ്.ആർ.ടി.സി മാള (MALA) യൂണിറ്റിന് MLA എന്ന കോഡ് നൽകിയത് - സംബന്ധിച്ച്

സൂചന:- 08.11.2019-ലെ നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.3579.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കെ.എസ്.ആർ.ടി.സി മാള (MALA) യൂണിറ്റിന് എം.എൽ.എ (MLA) എന്ന കോഡ് നൽകിയ നടപടി അടിയന്തിരമായി പുനഃപരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
**മാലതി എസ്.**
**അഡീഷണൽ സെക്രട്ടറി**
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ